# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER 02 | 2016 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com

Facebook Page: Sabarimalamediacentreiprdgok

### പമ്പയിലെ വസ്ത്രമുപേക്ഷിക്കുന്നത് കുറയുന്നു

ശബരിമല: പമ്പയിൽ ഭക്തർ വസ്ത്രം ഉപേക്ഷിക്കുന്ന പ്രവണത കുറഞ്ഞുവരുന്നു. 2015 ഒക്ടോബർ 16ന് ഹൈക്കോടതിയുടെ ദേവസ്വം ബഞ്ച് പുറപ്പെടുവിച്ച ഉത്തരവിനെ തുടർന്നുള്ള നടപടികളുടെ ഫലമായാണിത്. 1974-ലെ ജലനിയമം വകുപ്പ് 24 അനുസരിച്ച് കുറഞ്ഞത് ഒന്നരവർഷവും പരമാവധി ആറു വർഷവും കൂടാതെ പിഴ ശിക്ഷയുമാണ് പമ്പയിൽ മാലിന്യങ്ങളിടുന്നവർക്ക് ദേവസ്വം ബഞ്ച് വിധിച്ചത്. ഇതേ തുടർന്ന് ജില്ലാ ഭരണകൂടം, ശബരിമല സാനിറ്റേഷൻ സൊസൈറ്റി, പമ്പയിലെ പോലീസ് സ്പെഷ്യൽ ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ ശക്തമായ നിരീക്ഷണവും ബോധവൽക്കരണവും കഴിഞ്ഞ ഒരു വർഷമായി നൽകി വരുകയായിരുന്നു. പമ്പയിലെ മാലിന്യത്തിന്റെ തോത് ഏകദേശം 75 ശതമാനം കുറഞ്ഞതായാണ് പരിസ്ഥിതി എഞ്ചിനീയർമാർ കണക്കാക്കുന്നത്. ബോധവൽക്കരണത്തിനുള്ള ബോർഡുകൾക്ക് പുറമേ ഗുരുസാമിമാരോട് അഭ്യർത്ഥനയായി ഈ നിർദേശങ്ങൾ പാലിക്കണമെന്ന് പോലീസ് അറിയിക്കുകയും ചെയ്തിരുന്നു.

പ്ലാസ്റ്റിക് ബോട്ടിലുകൾ, കാരിബാഗുകൾ എന്നിവ പമ്പയിലും ശബരിമലയിലും ഉപേക്ഷിക്കുന്ന പ്രവണതയും തീരെ കുറഞ്ഞുവരുന്നുണ്ട്. ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം പൂർണമായും സ്റ്റീൽ പാത്രങ്ങളാണ് ഇവിടുത്തെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതും ഭക്തർ കൊണ്ടുവരുന്നതും. പ്ലാസ്റ്റിക് നിരോധിച്ചുകൊണ്ട് കഴിഞ്ഞ ഫെബ്രുവരി ഒന്നിന് ഹൈക്കോടതി ദേവസ്വം ബഞ്ച് ഉത്തരവ് ഇറക്കിയിരുന്നു.

## മാളികപ്പുറത്തേക്കുള്ള തിരക്ക് നിയന്ത്രിക്കാൻ നടപടിയായി

ശബരിമല: മാളികപ്പുറത്തേക്ക് പോകുന്ന വഴിയിലുള്ള തിരക്ക് നിയന്ത്രിക്കാൻ ദേവസ്വം ബോർഡ് നടപടികൾ സ്വീകരിച്ചുതുടങ്ങി. പരീക്ഷണാടിസ്ഥാനത്തിൽ ഇപ്പോൾ നടത്തിവരുന്ന പരിഷ്കാരം താമസിയാതെ സ്ഥിരം സംവിധാനമാക്കും.

സാധാരണ തിരക്കുള്ള സമയത്ത് സന്നിധാനത്തിന്റെ തെക്കുവശത്ത് നെയ്യഭിഷേകത്തിന് വീണ്ടുമെത്തി തൊഴുതിറങ്ങുന്ന ഭക്തർക്ക് സൗകര്യങ്ങൾ ഒരുക്കാനായി മാളികപ്പുറത്തേക്ക് പോകുന്ന വഴിയിൽ വരിയായി നിർത്തുകയാണ് ചെയ്യുന്നത്. ഇതു കാരണം മാളികപ്പുറത്തേക്ക് പോകുന്ന വഴിയിൽ നിയന്ത്രണാധീതമായ തിരക്ക് ഉണ്ടാകുന്നു. ഇതിന് പരിഹാരമായാണ് പുതിയ പരിഷ്കാരം.

നെയ്യഭിഷേകത്തിനുള്ള കോംപ്ലക്സിന്റെ മുകളിലത്തെ നിലയിൽ വലത്തേ അറ്റം മുതൽ സന്നിധാനത്തുനിന്നും മാളികപ്പുറത്തേക്ക് പോകുന്ന വഴിയിലെ രണ്ടു വരികളിൽ വലതു വശത്തെ വരി നെയ്യഭിഷേക കോംപ്ലക്സിലേക്കുള്ള വരിയുമായി കൂട്ടിയോജിപ്പിച്ച് ഭക്തരുടെ യാത്ര സുഗമമാക്കുകയാണ് ഇപ്പോൾ ചെയ്തു വരുന്നത്.

## ലീഗൽ സർവീസ് എയ്ഡ് ക്ലിനിക് ഉദ്ഘാടനം ചെയ്തു

ശബരിമല: പമ്പയിലും ശബരിമലയിലും മാലിന്യങ്ങൾ ഇടുന്നതിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള നിയമപരമായ കാര്യങ്ങൾ ഭക്തരെ അറിയിക്കുന്നതിനായി പമ്പയിലും സന്നിധാനത്തും ലീഗൽ സർവീസ് എയ്ഡ് ക്ലിനിക്കുകൾ സംസ്ഥാന ലീഗൽ സർവീസ് അഥോറിറ്റിയുടെ കീഴിൽ ആരംഭിച്ചു. ഇവയുടെ ഉദ്ഘാടനം കേരള സ്റ്റേറ്റ് ലീഗൽ സർവീസ് അഥോറിറ്റി മെമ്പർ സെക്രട്ടറി സത്യൻ ഉദ്ഘാടനം ചെയ്തു. പമ്പയിലെയും സന്നിധാനത്തെയും വിവിധ സ്പെഷ്യൽ ഓഫീസർമാരും ഉദ്ഘാടനത്തിൽ പങ്കെടുത്തു.

## പമ്പയിലേക്ക് ബാംഗ്ലൂരിൽനിന്നും മൈസൂരിൽനിന്നും കൂടുതൽ ബസുകൾ

ശബരിമല: ഭക്തരുടെ തിരക്ക് കണക്കിലെടുത്ത് കർണ്ണാടക റോഡ് ട്രാൻസ്പോർട്ട് കോർപറേഷൻ ബംഗളൂരു, മൈസൂരു എന്നിവിടങ്ങളിൽ നിന്നും പമ്പയിലേക്ക് കൂടുതൽ ബസ് സർവീസുകൾ ആരംഭിക്കുന്നു. ബംഗ്ലൂരു പമ്പ രാജഹംസ സർവീസ് ഡിസംബർ ഒൻപത് മുതൽ ആരംഭിക്കും ഒൻപത് ബസുകൾക്കാണ് സർവീസ് നടത്താൻ അനുമതി ലഭിച്ചിട്ടുള്ളതെങ്കിലും വരും ദിനങ്ങളിൽ കൂടുതൽ ബസ് സർവീസുകൾ ആരംഭിക്കുമെന്ന് കർണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ കേരള ഓഫീസർ ഇൻചാർജ് അറിയിച്ചു.

ബംഗളൂരു ശാന്തിനഗർ ബസ് സ്റ്റാന്റിൽനിന്നും ഉച്ചയ്ക്ക് 1.30ന് മൈസൂർ റോഡ് സാറ്റലൈറ്റ് ബസ് സ്റ്റാന്റിൽനിന്നും 2.15 നുമാണ് ബസുകൾ പുറപ്പെടുന്നത്. കർണാടകത്തിലെ ബംഗ്ലൂരു നഗരത്തിലും പ്രവർത്തിക്കുന്ന വിവിധ റിസർവേഷൻ കൗണ്ടറുകളിൽ മുൻകൂറായി ടിക്കറ്റുകൾ ബുക്കുചെയ്യാവുന്നതാണ്. കൂടാതെ കേരളം, ആന്ധ്രാപ്രദേശ്, തമിഴ്നാട്, തെലുങ്കാന, മഹാരാഷ്ട്ര, ഗോവ, പുതുച്ചേരി എന്നിവിടങ്ങളിലേക്കുള്ള സ്വകാര്യ റിസർവേഷൻ കൗണ്ടറുകളിലും ബുക്കിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. മൈസൂറിലും റിസർവേഷനുള്ള സൗകര്യം ലഭ്യമാണ്. മൈസൂറിൽനിന്നും വൈകുന്നേരം 5 മണിക്കാണ് ബസ് പുറപ്പെടുന്നത്.

കേരളത്തിൽ എറണാകുളം, തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ റിസർവേഷൻ കൗണ്ടറുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ബന്ധപ്പെടേണ്ട നമ്പറുകൾ എറണാകുളം 0484-2374000, 09447166179, തൃശൂർ 0487- 2421151, 09495155100, കോഴിക്കോട് 0495-2728000, 09497427179. ഠഠഠ.സ്യൈരേ.ശി ലൂടെ ഓൺലൈൻ ബുക്കിംഗ് സൗകര്യവും ലഭ്യമാണ്

## ഡ്രോൺ ഉടനെ എത്തും

ശബരിമല: സുരക്ഷാ സംവിധാനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി ആകാശ നിരീക്ഷണം നടത്തുന്നതിനായി ഡ്രോൺ ഉടനെയെത്തും. മോണിട്ടർ ഉൾപ്പെടെയുള്ള അനുബന്ധ സൗകര്യങ്ങൾ സന്നിധാനത്ത് എത്തിക്കഴിഞ്ഞു. ഭക്തർ ഉൾപ്പെടെ എല്ലാവർക്കും കാണത്തക്കവിധം സന്നിധാനത്തിന് സമീപമായിരിക്കും മോണിട്ടറുകൾ സ്ഥാപിക്കുക. തിരുവനന്തപുരത്തുള്ള ഏജൻസിയാണ് ഇതിന്റെ ഇൻസ്റ്റലേഷൻ ജോലികൾ നിർവഹിക്കുക.

## ശബരിമലയിൽ താൽക്കാലിക ജോലിക്ക് അപേക്ഷിക്കാം

ശബരിമല: ശബരിമലയിലെ മണ്ഡലപൂജ മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് 2017 ജനുവരി 19 വരെ അന്നദാനം, ചുക്ക് വെള്ളം വിതരണം എന്നീ വിഭാഗങ്ങളിൽ ജോലി നോക്കാൻ താൽപര്യമുള്ളവരെ തിരഞ്ഞെടുക്കുന്നു. 18 നും 60നും വയസ്സിന് മധ്യേ പ്രായമുള്ള ഹൈന്ദവരായ പുരുഷന്മാരായിരിക്കണം.

ആറ് മാസത്തിനകം എടുത്തിട്ടുള്ള പാസ്പോർട്ട് സൈസ് ഫോട്ടോ, സ്ഥലത്തെ സബ് ഇൻസ്പെക്ടർ നൽകുന്ന പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്, മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, വയസ്സ്, മതം എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ സഹിതം ഈ മാസം അഞ്ചിന് രാവിലെ 10ന് കൂടിക്കാഴ്ചയ്ക്കായി തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ തിരുവനന്തപുരത്തെ നന്ദൻകോട്ടുള്ള ചീഫ് എഞ്ചിനീയർ ഓഫീസിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 0471-2318874 എന്ന നമ്പരിൽ ബന്ധപ്പെടുക.

## ശബരിമല സന്നിധാനം ഓഡിറ്റോറിയത്തിൽ (3-12-2016)

1. രാവിലെ 6 മുതൽ ഉച്ചയ്ക്ക് 1 വരെ നാരായണീയ പാരായണം. പിസി ഗിരിജ സെക്രട്ടറി വൈഹരി ഭജനസംഘം കണ്ണൂർ
2. ഉച്ചകഴിഞ്ഞ് 3 മുതൽ 5 വരെ ശിങ്കാരിമേളം, കലാമണ്ഡലം ഹരീഷ്
3. വൈകുന്നേരം 6 മുതൽ 7 വരെ മുരുകൻ ഗുരുക്കളുടെ നേതൃത്വത്തിൽ കളരിപ്പയറ്റ്, കേരള പോലീസ് തൃശൂർ
4. രാത്രി 7 മുതൽ 9.30 വരെ ഭക്തിഗാനസുധ, കെജി സന്തോഷ്കുമാറും സംഘവും, നാദബ്രഹ്മം മൂവാറ്റുപുഴ

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.